

എമ്മാവൂസ്
# വചനദൂത്

യോഹ. 1:29-34 (Vol. 9, Issue 38)

ദനഹാക്കാലം

(മൂന്നാം ഞായർ)

# രക്ഷയുടെ കുഞ്ഞാട്

ബ്ര. അഭിഷേക് ഒരവനാംതടത്തിൽ

ഒരുവനെ ലക്ഷ്യപ്രാപ്തിയിലേയ്ക്കൊരുക്കുന്ന എറ്റവും വലിയ സാധ്യതയാണ് വഴി. വഴിയില്ലാതെ ലക്ഷ്യമില്ല. ഒരുവൻ കണ്ടെത്തിയ വഴിയിലൂടെയാണ് ലക്ഷ്യത്തിലെത്തുന്നത്. ആയതിനാൽ വഴിയും ലക്ഷ്യത്തോടൊപ്പം പ്രാധാന്യം അർഹിക്കുന്നു. ജീവിതം മരണത്തിലേയ്ക്കുള്ള വഴിയാണ്. എന്നാൽ മരണത്തോടെ വഴി അവസാനിക്കുന്നില്ല, ആ വഴിയുടെ അവസാനം ദൈവത്തിലാണ്. എന്നാൽ ദൈവത്തിലേയ്ക്കുള്ള വഴികൾ കുരിശിന്റെ വഴികളാണ്. കുരിശിന്റെ വഴികൾ പറഞ്ഞുതന്നതോ, ദൈവപുത്രനും.

ഇസ്രായേൽ ജനത്തിന്റെ നിലവിളിയുടെയും തേങ്ങലുകളുടെയും ഉത്തരമായാണ് ദൈവം ഭൂമിയിലേക്ക് തന്റെ സ്വപുത്രനെ അയച്ചത്. ആത്മാവിന്റെ നിലവിളിയും ഹൃദയത്തിന്റെ തേങ്ങലുകളുമാണ് ദൈവത്തിന്റെ മനസ്സലിയിപ്പിക്കുന്നത്. ദൈവത്തിന്റെ കരവലയത്തിൽ നിന്നും ആരെയും അകറ്റിനിർത്തുവാൻ ദൈവത്തിന് ആഗ്രഹമില്ല. കാരണം, മനുഷ്യർ സൃഷ്ടിക്കപ്പെട്ടത് ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലുമാണ്. അതുമാത്രമല്ല, ഉൽപത്തി പുസ്തകം 2:7 വാക്യത്തിൽ നാം ഇപ്രകാരം വായിക്കുന്നു: ‘‘ജീവന്റെ ശ്വാസം അവന്റെ നാസാരന്ധ്രങ്ങളിലേയ്ക്ക് നിശ്വസിച്ചു’’, ഇവിടുന്ന് തുടങ്ങി ദൈവവും മനുഷ്യനും തമ്മിൽ ഒരിക്കലും വേർപെടുത്തുവാൻ കഴിയാത്ത അഗാധബന്ധം. ദൈവസ്നേഹം അതിന്റെ പൂർണ്ണതയിൽ നാം ദർശിക്കുന്നത് ഈശോയുടെ വരവോടെയാണ്.

ഇസ്രായേൽ ജനത്തിന്റെ പ്രതീക്ഷയും വാഗ്ദാനത്തിന്റെ പൂർത്തീകരണവുമാണ് ഈശോ. ദൈവത്തിന്റെ സ്നേഹം സ്വീകരിക്കുന്നതിന് നമുക്ക് തടസ്സമായി നിൽക്കുന്നത് പാപമാണ്. പ്രകാശത്തിൽ നിന്നും നമ്മെ വേർപെടുത്തി അന്ധകാരത്തിലേയ്ക്ക് നയിക്കുന്നത് പാപമാണ്. ദൈവമാകുന്ന ജീവിതലക്ഷ്യത്തിൽ നിന്നും മനുഷ്യൻ വ്യതിചലിക്കുന്ന ഒരു അവസ്ഥാവിശേഷമാണ് പാപം. പാപത്തെയും പാപസാഹചര്യങ്ങളെയും മാറ്റി രക്ഷയുടെ പാതയിലേയ്ക്ക്-ദൈവസന്നിധിയിലേയ്ക്ക് ഇറങ്ങിവന്നവനാണ് ഈശോ. സ്വജീവൻ ബലിയർപ്പിച്ചുകൊണ്ട് ഈശോ മനുഷ്യരായ നമുക്കുവേണ്ടി പാപപരിഹാര ബലിയായി മാറി. പഴയനിയമത്തിൽ പാപപരിഹാര ബലിയായി കുഞ്ഞാടുകളെ അർപ്പിച്ചിരുന്നു. ആ ബലികളുടെയെല്ലാം അപൂർണ്ണതകളെ പരിഹരിച്ചുകൊണ്ട് മിശിഹാ തന്റെ ഏകബലിയർപ്പണം വഴി ലോകത്തിന്റെ പാപങ്ങൾക്ക് പരിഹാരബലി അർപ്പിച്ചു.

കുഞ്ഞാട്, നിഷ്കളങ്കതയുടെയും പരിശുദ്ധിയുടെയും പ്രതീകമാണ്. അതുകൊണ്ടാണ് അവയെ ദൈവത്തിന് സമർപ്പിക്കുന്നത്. കുഞ്ഞാടിന്റെ ദൗത്യത്തെക്കുറിച്ച് സ്നാപകൻ വിവരിക്കുന്നത് രണ്ടു വിധത്തിലാണ്. ഒന്നാമതായി, കുഞ്ഞാട് പാപം വഹിക്കുക മാത്രമല്ല, പാപം നീക്കിക്കളയുന്നവൻ കൂടിയാണ്. ഇവിടെ ഈശോയാകുന്ന കുഞ്ഞാട് പാപം വഹിക്കുകയും പരിഹരിക്കുകയും നീക്കിക്കളയുകയും ചെയ്യുന്നു. രണ്ടാമതായി കുഞ്ഞാടിന്റെ ദൗത്യം ലോകം മുഴുവനെയും ഉൾക്കൊള്ളുന്നതാണ്. ഇസ്രായേലിന്റെ മാത്രം പാപമോ, ഏതെങ്കിലും വ്യക്തികളുടെ മാത്രം പാപമോ അല്ല മിശിഹായാകുന്ന കുഞ്ഞാട് നീക്കുന്നത്, ലോകത്തിന്റെ മുഴുവൻ പാപവുമാണ്. ഈശോ സകല മാനവരാശിയുടെയും രക്ഷയ്ക്കായി നിയുക്തനായിരിക്കുന്ന കുഞ്ഞാടാണ് എന്ന സത്യം സ്നാപകൻ വിളിച്ചോതുന്നു. ഈശോ, സമസ്തലോകത്തിനും വേണ്ടി ബലിയാകാനായി അയയ്ക്കപ്പെട്ട ദൈവത്തിന്റെ കുഞ്ഞാടാണ്. കുഞ്ഞാടിന്റെ ദൈവികത അവനെ ശ്രേഷ്ഠനും - അവന്റെ രക്തംചിന്തൽ, അവനെ അമൂല്യനുമാക്കുന്നു. നുറുങ്ങിയ ഹൃദയവും ഉരുകിയ മനസ്സുമാണ് ദൈവത്തിന് സ്വീകാര്യമായ ബലി. അത് ഈശോയുടെ ബലിയിലൂടെ നമുക്ക് കാണിച്ചുതന്നു.

കുഞ്ഞാടിന്റെ ബലിയിലൂടെ രക്ഷയിലേയ്ക്കുള്ള-നിത്യജീവിതത്തിലേയ്ക്കുള്ള പാത അവൻ ഒരുക്കിത്തന്നു. ഇതാ, ലോകത്തിന്റെ പാപം നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് എന്ന സ്നാപകയോഹന്നാന്റെ പ്രഖ്യാപനം അത് ശ്രവിക്കുന്ന ഏവർക്കും ഒരു ക്ഷണം നൽകുന്നു. ഈ കുഞ്ഞാടിനെ അനുഗമിക്കാൻ, ഈ കുഞ്ഞാടിന്റെ ബലി വഴിയായി രക്ഷിതരാകാൻ, ഈ കുഞ്ഞാടിന്റെ രക്തത്തിൽ പാപം കഴുകി ശുദ്ധി വരുത്താൻ ഈ കുഞ്ഞാടിനൊപ്പം വിജയവും മഹത്വവും ആസ്വദിക്കാനുള്ള ഒരു ക്ഷണം. കുഞ്ഞാടിന്റെ വിജയം പരിശുദ്ധിയുടെ വിജയമാണ്. യേശുവിനെ ദൈവത്തിന്റെ കുഞ്ഞാടും പാപം നീക്കുന്ന കുഞ്ഞാടുമായി സാക്ഷ്യപ്പെടുത്തുമ്പോൾ പാപരഹിതമായി പരിശുദ്ധിയോടെ കുഞ്ഞാടിനോട് ചേർന്നുനിന്ന് മഹത്വത്തിന്റെ കിരീടം സ്വന്തമാക്കാൻ നമുക്ക് പരിശ്രമിക്കാം.

ദുഃഖങ്ങളുടെയും കണ്ണുനീരിന്റെയും വേദനകളുടെയും നഷ്ടബോധങ്ങളുടെയും പാതയിലൂടെ സഞ്ചരിക്കുമ്പോൾ ഈശോയുടെ സഹായം തേടാം. ഈ യാത്രയിൽ ശക്തിപകരാൻ പാഥേയമായി അവനുണ്ടാകും. വഴികളിൽ പ്രകാശമായി വചനമുണ്ടാകും. ബലഹീനതയിൽ കരുണയായി ആത്മാവിന്റെ സാന്നിധ്യമുണ്ടാകും. ഈ യാത്രയുടെ അവസാനം വരെ അകലാത്ത സ്നേഹിതനായി അവൻ നമ്മുടെ കൂടെയുണ്ടാകും. കാരണം, ആ സ്നേഹത്തിനു മുമ്പിലാണ് നാം ജീവിതം സമർപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് മിശിഹായാകുന്ന സ്നേഹത്തിന് മുമ്പിൽ നമുക്ക് ജ്വലിക്കാം. അവന് സാക്ഷികളായി മാറാം. അവന്റെ വഴികളിലൂടെ നടന്ന് അവന്റെയൊപ്പം എത്താം. അപ്പോൾ നമ്മുടെ പാതയും സുരക്ഷിതമായിരിക്കും.